**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4622** **10-08-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളവും പെൻഷനും നൽകാൻ അനുവദിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളവും പെൻഷനും നൽകാൻ, കഴിഞ്ഞ സർക്കാർ എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്; വർഷം തിരിച്ച് കണക്കുകൾ നൽകാമോ; | (എ) | കഴിഞ്ഞ സർക്കാർ കെ.എസ്.ആർ.ടി.സി.യ്ക്ക് ശമ്പളം / പെൻഷൻ വിതരണത്തിനായി ആകെ 4630.20 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആയതിന്റെ വർഷം തിരിച്ചുള്ള വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇപ്പോൾ കെ.എസ്.ആർ.ടി.സി. യിലെ എത്ര ശതമാനം ബസ്സുകളാണ് സർവ്വീസ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | കോവിഡ് മഹാമാരിക്ക് മുമ്പ് 2020 ജനുവരി മാസത്തെ കണക്കനുസരിച്ച് ശരാശരി 4425 ബസ്സുകളാണ് സർവ്വീസ് നടത്തിയിരുന്നത്. എന്നാൽ 02.08.2021-ലെ കണക്കനുസരിച്ച് 3109 ബസ്സുകളാണ് സർവ്വീസ് നടത്തിയത്. കോവിഡ് നിയന്ത്രണങ്ങൾ മൂലം നിലവിൽ ലഭ്യമായ 6204 ബസ്സുകളും ഡിപ്പോകളിൽ നിലനിർത്തി പരിപാലിക്കുന്നതിനുള്ള സ്പെയർ പാർസ്, ടയർ, ഇൻഷ്വറൻസ്, സി.എഫ് പുതുക്കൽ എന്നിവയിലുള്ള സാമ്പത്തിക ബാധ്യത കുറയ്ക്കുന്നതിനായി 4250 ബസ്സുകൾ സർവ്വീസിനായി ക്രമീകരിക്കുകയും ബാക്കിയുള്ളവ വിവിധ ക്രേന്ദ്രങ്ങളിലേയ്ക്ക് മാറ്റി പാർക്ക് ചെയ്തിട്ടുമുണ്ട്. നിലവിൽ ഡിപ്പോകളിൽ ലഭ്യമായ 4250 ബസ്സുകളും, 02.08.2021 പ്രകാരം പ്രതിദിനം സർവ്വീസ് നടത്തുന്ന 3109 ബസ്സുകളുമായി താരതമ്യം ചെയ്യുമ്പോൾ ഇപ്പോൾ സർവ്വീസ് നടത്തുന്നത് ആകെ ക്രമീകരിച്ച ബസ്സുകളുടെ 73% ആണ്. എന്നാൽ ആകെ KSRTC-യിൽ ലഭ്യമായ ബസ്സുകളുമായി താരതമ്യം ചെയ്യുമ്പോൾ ഇത് 50% മാത്രമാണ്. കോവിഡ് നിയന്ത്രണം കാരണം തമിഴ്നാട്ടിലേയ്ക്കുള്ള അന്തർ സംസ്ഥാന സർവ്വീസുകൾ പൂർണ്ണമായും നിർത്തിവച്ചിരിക്കുകയാണ്. പരിമിതമായ സർവ്വീസുകളേ കർണാടകത്തിലേയ്ക്കും സർവ്വീസ് നടത്തുന്നുള്ളൂ. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

(തുക കോടിയിൽ)

| വർഷം | ശമ്പളം / പെൻഷൻ വിതരണം ചെയ്യാൻ അനുവദിച്ച തുക |
|---|---|
| 2016- 17 | 305.00 |
| 2017- 18 | 830.00 |
| 2018- 19 | 987.04 |
| 2019- 20 | 968.37 |
| 2020 - 21 | 1,539.79 |
| ആകെ | 4,630.20 |

Radha

സെക്ഷൻ ഓഫീസർ